**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4225 — 12.11.2019-ലെ മറുപടിയ്ക്ക്

## ബീച്ച് ഗെയിംസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| തീരദേശ മേഖലയിലെ കായിക താരങ്ങളുടെ കായിക മികവുകൾ വളർത്തിയെടുക്കുന്നതിന് ബീച്ച് ഗെയിംസ് സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | ഉണ്ട്. കേരളത്തിലെ തീരദേശ മേഖലയിലെ കായിക വികസനത്തിന് പുത്തൻ ഉണർവ്വ് നൽകുന്നതിനായി സംസ്ഥാന കായിക വകുപ്പ് സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേന സംഘടിപ്പിക്കുന്ന പദ്ധതിയാണ് ബീച്ച് ഗെയിംസ്. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നതിന് സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും സംഘാടക സമിതി രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലെ കായികതാരങ്ങളും, മത്സ്യത്തൊഴിലാളികളും, പൊതുജനങ്ങളും, ഗുണഭോക്താക്കളാകുന്ന പദ്ധതിയിൽ ഫുട്ബോൾ, വോളിബോൾ, കബഡി, വടംവലി എന്നീ കായിക ഇനങ്ങളിലായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. ഇതോടൊപ്പം തീരദേശവാസികൾക്കായി പ്രത്യേകം ഫുട്ബോൾ, വടംവലി മത്സരങ്ങൾ സംഘടിപ്പിക്കുന്നതാണ്. ജില്ലാതല മത്സരങ്ങൾ 2019 ഡിസംബർ 31നു മുമ്പായി പൂർത്തിയാക്കി ജനുവരിയിൽ സംസ്ഥാനതല മത്സരങ്ങൾ നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. മേൽപ്പറഞ്ഞ മത്സരങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന കായികതാരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**